പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 — 11/12/2006-ൽ മറുപടിക്ക്

ആരോഗ്യ ചികിത്സാരംഗത്തെ പിന്നോക്കാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ ആരോഗ്യ ചികിത്സാരംഗത്തെ ഗുണനില വാരം വളരെ പിന്നിലാണെന്ന റിപ്പോർട്ടുണ്ടോ ; | (എ) ഇല്ല. സർക്കാർ ആശുപത്രികളിലെ ചികിത്സാനില വാരം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്നുള്ള തിലും കൂടുതൽ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ട തുണ്ട്. |
| (ബി) ആധുനിക ചികിത്സാ ഉപകര ണങ്ങളുടെ ലഭ്യത, പരിശീലന പരിപാടികൾ എന്നിവയിലും പിന്നിലാണെന്ന റിപ്പോർ ട്ടുണ്ടോ ; | (ബി) ഇല്ല. എന്നാൽ ഈ രംഗത്തും സർക്കാർ ആശുപ ത്രികളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെടണം. ഇതിനുള്ള നടപടികൾ ഈ സർക്കാർ അധികാര മേറ്റശേഷം സ്വീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതിനുള്ള കാരണ ങ്ങൾ എന്തെല്ലാം ; | (സി) ബാധകമല്ല. |
| (ഡി) ഈ കാര്യങ്ങളിലുള്ള പിന്നോ ക്കാവസ്ഥ തരണം ചെയ്യുവാൻ എന്തെല്ലാം പരിപാടികളാണു ള്ളതെന്ന് പറയുമോ ? | (ഡി) കോഴിക്കോട് മെഡിക്കൽ കോളേജിലും തിരുവന ന്തപുരം ആർ.സി.സി.യിലും എം.ആർ.ഐ. സ്കാൻ സ്ഥാപിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്. പദ്ധതിയുടെ ഭാഗമായി എം.ആർ.ഐ.സ്കാൻ ഉൾപ്പെടെ 50 കോടി രൂപയുടെ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഓർഡർ നൽകി കഴിഞ്ഞു. മറ്റ് മെഡിക്കൽ കോളേജുകളിലും |

എം.ആർ.ഐ. സ്കാൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡുമായി ധാരണാ പത്രത്തിൽ ഒപ്പിട്ടു. കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രികളിലും പുതിയ സി.ടി.സ്കാൻ വാങ്ങി സ്ഥാപിച്ചു. ആലപ്പുഴയിൽ പുതിയ സി.ടി. സ്കാൻ വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ക്യാൻസർ രോഗചികിത്സയ്ക്കുള്ള യന്ത്രോപകരണമായ 7 കോടി രൂപ വിലയുള്ള ലീനിയർ ആക്സിലേറ്റർ വാങ്ങുവാൻ ഓർഡർ നൽകി കഴിഞ്ഞു. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഉൾപ്പെടെ പരിശീലന-തുടർ വിദ്യാഭ്യാസ പരിപാടി കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് കൂടുതൽ ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. കേരളത്തിലെ എല്ലാ സാമൂഹ്യരോഗ്യ കേന്ദ്രങ്ങളെയും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡിലേക്ക് ഉയർത്തുവാനുള്ള നടപടികൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഓരോ ആശുപത്രിയിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി ചേർന്ന് നിലവാരം ഉയർത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 350 ലബോറട്ടറികളിൽ ഉന്നതമായ പരിശോധനാ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.362 | 11.12.2008ൽ മറുപടിയ്ക്ക് |

**അഡോപ്ഷൻ സെൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി:<br>ശ്രീ.എം.ഹംസ:<br>ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീമതി.കെ.കെ.ലതിക: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന അഡോപ്ഷൻ സെല്ലിൻെറ പ്രവർത്തനം വ്യക്തമാക്കുമോ; | (എ) | സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ അഡോപ്ഷൻ സെല്ലിൻെറ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ പറയുന്നു.<br>1) സന്നദ്ധ സംഘടനകൾ നടത്തുന്ന അഡോപ്ഷൻ കേന്ദ്രങ്ങൾക്ക് Inter Country Adoption ലൈസൻസ് ലഭിക്കുന്നതിനായി അവർ നൽകുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി ശുപാർശ സമർപ്പിക്കുക.<br>2) അനാഥർ, ഉപേക്ഷിക്കപ്പെട്ടവർ, അശരണർ, കുറ്റവാസനയുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്ന സന്നദ്ധ/സ്വകാര്യ സംഘടനകൾ നടത്തുന്ന foundling home കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.<br>3) രാജ്യത്തിനകത്തും പുറത്തും ദത്ത് നൽകുന്ന ഏജൻസികളുമായി നിരന്തരം സമ്പർക്കം പുലർത്തുക.<br>4) ദത്തെടുക്കൽ കേന്ദ്രങ്ങൾ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക.<br>5) രാജ്യത്തിനകത്ത് ദത്ത് നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട |

| | | | |
|---|---|---|---|
| | | | നൂതന ആശയങ്ങൾ സർക്കാരിന് സമർപ്പിക്കുക. |
| (ബി) | കുട്ടികളെ ദത്തെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സെൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ അഡോപ്ഷൻ സെൽ നടത്തുന്നു.<br>1) അംഗൻവാടികൾ വഴി പോസ്റ്ററുകൾ നൽകിയിട്ടുണ്ട്.<br>2) മൂന്ന് ഹ്രസ്വ ചിത്രങ്ങൾ നിർമ്മിക്കുകയും അത് ദൂരദർശനിലൂടെ പ്രദർശിപ്പിക്കുകയും ചെയ്തു.<br>3) അഡോപ്ഷൻ സെമിനാറുകൾ സംഘടിപ്പിച്ചു.<br>4) ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ **legally free for adoption certificate** നൽകുന്നതിന് വേണ്ട അന്വേഷണം ജില്ലാ പ്രൊബേഷൻ ഓഫീസർ വഴി നിർവ്വഹിക്കുന്നു.<br>5) അനധികൃതമായി ദത്ത് നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട അധികാരികൾ മുഖേന നടപടികൾ സ്വീകരിക്കുകയും അത്തരം സ്ഥാപനങ്ങളിൽ നിന്ന് കുട്ടികളെ അംഗീകൃത സ്ഥാപനങ്ങളിലേക്ക് മാറ്റുകയും ചെയ്യുന്നു.<br>6) **Adoptive parents** ന്റെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും അഡോപ്ഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മേഖലാ-തലത്തിൽ മീറ്റിംഗുകൾ, കൂട്ടായ്മകൾ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു.<br>7) അനാഥാലയങ്ങളിലും, ഇതര ശിശു സംരക്ഷണ ഭവനങ്ങളിലും കഴിഞ്ഞു വരുന്ന അർഹമായ കുട്ടികളെ കണ്ടെത്തി അവരെ അഡോപ്ഷന് |

| | | | |
|---|---|---|---|
| | | | പ്രാപ്തരാക്കുന്നതിന് സനാഥ ബാല്യം എന്നൊരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അനാഥാലയങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നു. |
| (സി) | ദത്തെടുത്തവർ കുട്ടികളെ ശരിയായ രീതിയിൽ സംരക്ഷിക്കുന്നുണ്ടോയെന്ന് സെൽ പരിശോധിക്കുന്നുണ്ടോ; | (സി) | കോടതി നൽകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രൊബേഷൻ ഓഫീസർമാർ മേൽനോട്ടം നടത്തി കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. |
| (ഡി) | ദത്തെടുക്കൽ നടപടി ലഘൂകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (ഡി) | കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള Central Adoption Resource Authority(CARA) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ആണ് ദത്തെടുക്കൽ കാര്യത്തിൽ പാലിക്കുന്നത്. ഉപേക്ഷിക്കപ്പെട്ട/ ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ ലഘൂകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഇ) | കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ എത്ര കുട്ടികൾ ദത്തെടുക്കപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര കുട്ടികളെ വിദേശികൾ ദത്തെടുത്തുവെന്ന് അറിയിക്കുമോ? | (ഇ) | കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ദത്തെടുക്കപ്പെട്ട കുട്ടികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| | 2006-2007 | 2007-2008 |
|---|---|---|
| **In Country Adoption** | 216 | 164 |
| **NRI Adoption** | 30 | 33 |
| **Foreign Adoption** | 31 | 21 |
| **Grand Total** | 277 | 218 |

R. Vijayalu

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

9-ാം സമ്മേളനം

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യം നമ്പർ: 363 11.12.2008 -ൽ മറുപടിക്ക്

<u>കായംകുളം-എറണാകുളം റെയിൽപ്പാത</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം.പുതുശ്ശേരി | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കായംകുളം-എറണാകുളം റെയിൽപ്പാത (ആലപ്പുഴ വഴിയും കോട്ടയം വഴിയും) ഇരട്ടിപ്പിക്കൽ ഏതുവരെയായി എന്നു വ്യക്തമാക്കുമോ ; | (എ) | എറണാകുളം-കോട്ടയം-കായംകുളം മേഖലയിൽ ആകെയുള്ള 114 കിലോമീറ്ററിനും ഇരട്ടിപ്പിക്കലിനുള്ള അനുവാദം കിട്ടിയിട്ടുണ്ട്. ഇതിൽ 2 കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിൽ കോട്ടയം,-മാവേലിക്കര ഒഴിച്ചുള്ള സ്ഥലങ്ങളിൽ പണി നടന്നു വരുന്നു. എറണാകുളം-ആലപ്പുഴ-കായംകുളം മേഖലയിൽ ആകെയുള്ള 100 കിലോമീറ്റർ പാത ഇരട്ടിപ്പിക്കലിന് അനുമതി ലഭിച്ച കായംകുളം-അമ്പലപ്പുഴ വരെയുള്ള 30 കിലോമീറ്റർ സ്ഥലത്ത് ഇരട്ടിപ്പിക്കൽ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | അതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ ; | (ബി) | ഇരട്ടിപ്പിക്കൽ പൂർത്തിയാവാത്ത ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. |
| (സി) | ഇല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ ; | (സി) | ബാധകമല്ല. |
| (ഡി) | പ്രസ്തുത പാതകൾ ഇരട്ടിപ്പിക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ? | (ഡി) | സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 364 11-12- 2008 -ൽ മറുപടിക്ക്

### എല്ലാ പഞ്ചായത്തുകളിലും ജലവിഭവഭൂപടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ. കെ.ടി ജലീൽ<br>ശ്രീ. വി.ശശികുമാർ<br>ശ്രീ. എം.ജെ ജേക്കബ്<br>ശ്രീ. പി.പി അബ്ദുള്ളക്കുട്ടി | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ) ഭൂജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

എ) ഭൂഗർഭ ജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ജലവിഭവ വകുപ്പ് താഴെപറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും എന്ന പദ്ധതിയുടെ ഭാഗമായി ഭൂജല വകുപ്പ് കാർഷിക, ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്കുള്ള വിവിധ തരം കിണറുകൾ നിർമ്മിച്ച് നൽകുന്നു. 2008-2009- ൽ 500 കുഴൽക്കിണറുകൾ കാർഷിക ആവശ്യങ്ങൾക്ക് നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികാവശ്യങ്ങൾക്കുള്ള കുഴൽക്കിണറുകൾക്ക് 50% നിരക്ക് ഇളവുണ്ട്. ജലത്തിന്റെ രാസപരിശോധന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂജല വികസനവുമായി ബന്ധപ്പെട്ട പരിപാടികൾക്ക് സാങ്കേതിക സഹായം എന്നിവ കൂടാതെ ത്രിതല പഞ്ചായത്തുകൾ, എം.പി/എം.എൽ.എ വർക്കുകൾ, വാട്ടർ അതോറിറ്റി, പൊതുസ്ഥാപനങ്ങൾ, വ്യവസായങ്ങൾ, പൊതുജനങ്ങൾ എന്നിവർക്കുവേണ്ടി ആവശ്യാനുസരണം ഭൂജല സർവ്വേ നടത്തുകയും കുഴൽക്കിണർ നിർമ്മിച്ച് നൽകുകയും ചെയ്യുന്നു.

2.ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിൻ കീഴിൽ ഭൂജലത്തിന്റെ ദുർവിനിയോഗം തടയുന്നതിനും അമിത ജലചൂഷണം നിയന്ത്രിക്കുന്നതിനും കേരളഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി ആക്ടിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

3. കേന്ദ്ര സർക്കാരിന്റെ 50% ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഉറപ്പു വരുത്താൻ സാധി

......2

ക്കാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഗ്രാമ പഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോടു കൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കി വരുകയും ചെയ്യുന്നു.

4.ഉപരിതല ജല വിഭവം, ഹൈഡ്രോളജി എന്നിവയെക്കുറിച്ചുള്ള പഠനത്തിന് ഡേറ്റാ ബേസ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ലോക ബാങ്കിൻെറ സഹായത്തോടെ ഹൈഡ്രോളജി പ്രോജക്ക് - II നടപ്പാക്കിവരുന്നു. പ്രോജക്ടിൻെറ ഒന്നാംഘട്ടത്തിൽ സ്വരൂപിച്ച ഡേറ്റാ മുഴുവനും വിശകലനം ചെയ്യുന്നതിനും സംയോജിത ജലവിഭവ പരിപാലനത്തിലും ഹൈഡ്രോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് വിവിധ മേഖലകളിൽ ജലവിഭവം ആസൂത്രണം ചെയ്യുന്നതിനും ഇതുവഴി സാധിക്കുന്നു.

5. ഭൂജല സംരക്ഷണവും കൃത്രിമമായി സംഭരിക്കലും- കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂഗർഭ ജല പരിരക്ഷയും പുന:സംഭരണവുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമിക്കടിയിലൂടെ ഒഴുകുന്ന പ്രവാഹത്തെ തടഞ്ഞു നിർത്തി ഭൂജല ശേഖരം വർദ്ധിപ്പിക്കുന്നതിനുതകുന്ന മനുഷ്യ നിർമ്മിതമായ അടിയണകൾ, തടയണകൾ, ചെറിയ കിടങ്ങുകൾ, പോഷണ കുഴികൾ തുടങ്ങിയ റീച്ചാർജ് സ്ട്രക്ചറുകളുടെ സഹായത്തോടെ ഭൂഗർഭ ജലം പരിരക്ഷിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൻ പ്രകാരമുള്ള സാങ്കേതിക അനുമതിയും ശാസ്ത്രീയ പഠനങ്ങളും നടന്നുവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 15 പദ്ധതികൾ ലക്ഷ്യമിട്ടിരിക്കുന്നു.

| | |
|---|---|
| ബി) എല്ലാ പഞ്ചായത്തുകളിലും ജലവിഭവ ഭൂപടം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ബി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 365 · 11/12/2008-ൽ മറുപടിക്ക്**

**ആഹാരപദാർത്ഥങ്ങളിലെ മായം ചേർക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.എൻ.രാജൻ<br>ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.കെ.അജിത് | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ആഹാരപദാർത്ഥങ്ങളിലെ മായംചേർക്കൽ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (എ) പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പല ആഹാരസാധനങ്ങളുടേയും ഗുണനിലവാരം നിശ്ചയിക്കാത്തതു കാരണം നിലവിലുള്ള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ആക്ട് പ്രകാരം കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ കഴിയാതെ വരുന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) ആഹാര സാധനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കേണ്ടത് കേന്ദ്ര മായംചേർക്കൽ നിരോധന നിയമം സെക്ഷൻ 3 പ്രകാരം സെൻട്രൽ കമ്മിറ്റി ഫോർ ഫുഡ് സ്റ്റാന്റേർഡാണ് ആയതിനാൽ ഗുണനിലവാരം നിശ്ചയിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് പ്രത്യേകിച്ച് ഒന്നും തന്നെ ചെയ്യാൻ സാധിക്കുകയില്ല. പുതിയതായി നിലവിൽ വരുന്ന ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് പൂർണ്ണമായി നടപ്പിൽ വരുമ്പോൾ ഈ വിഷയത്തിലുള്ള എല്ലാ ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 366 — 11.12.2008-ൽ മറുപടിയ്ക്ക്

## കൈത്തറി ഉല്പന്നങ്ങളുടെ വൈവിധ്യവല്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. സി.കെ.പി. പത്മനാഭൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) കൈത്തറി ഉല്പന്നങ്ങളുടെ വൈവിധ്യ വൽക്കരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. കൈത്തറി ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>1. കൈത്തറി നെയ്ത്തുകാരുടെ/ തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതികവിദ്യയുടെ കൈമാറ്റവും — പദ്ധതി<br>2. പരിശീലനവും വൈവിധ്യ വികസന പരിപാടിയും -പദ്ധതി<br>3. കൈത്തറി സഹകരണ സംഘങ്ങൾ, അപ്പെക്സ് സൊസൈറ്റികൾ, കൈത്തറി വികസന കോർപ്പറേഷൻ എന്നിവയുടെ പുനരുദ്ധാരണവും ശക്തിപ്പെടുത്തലും - പദ്ധതി |
| ബി) കൈത്തറി മേഖലയിൽ നൂതന സാങ്കേതിക വിദ്യ നടപ്പാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുമോ; | ബി) ആവശ്യമായ സഹായങ്ങൾ നൽകി വരുന്നുണ്ട്. കൂടുതൽ സഹായങ്ങൾ അനുവദിക്കുന്ന കാര്യം യഥാസമയം പരിശോധിക്കുന്നതുമാണ്. |
| സി) കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ? | സി) കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 367 | | 11.12.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| **കുട്ടികൾ നേരിടേണ്ടിവരുന്ന പീഡനങ്ങൾ** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. പി.സി.വിഷ്ണുനാഥ്,<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | ആൺകുട്ടികളും പെൺകുട്ടികളും നേരിടേണ്ടതായി വരുന്ന മാനസികവും ശാരീരികവുമായ പീഡനങ്ങളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) | കുട്ടികളുടെ സുരക്ഷിതത്വത്തിനും അവർ മാനസിക ആഘാതങ്ങൾക്കടിപ്പെടാതിരിക്കാനും എന്തെല്ലാം മുൻകരുതലെടുത്തിട്ടുണ്ട്; | (ബി)<br>1) ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് 10 ജില്ലകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽ ഉടൻ തന്നെ രൂപീകരിക്കുന്നതാണ്.<br>2) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് 9 ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലികൗൺസിലിംഗ് (ചൈൽഡ് ലൈനുകൾ) ആരംഭിച്ചിട്ടുണ്ട്.<br>3) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ബാലനീതി നിയമം പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ കുട്ടികൾക്ക് മാർഗ്ഗ നിർദ്ദേശ ക്ലാസുകൾ സംഘടിപ്പിക്കുന്നു. |

| | | |
|---|---|---|
| | | 4) ബാല നീതി നിയമം, കുട്ടികളുടെ അവകാശ ഉടമ്പടി എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ എല്ലാ ജില്ലകളിലും വിവിധ വിഭാഗങ്ങൾക്കായി നടത്തിയിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ സംസ്ഥാനത്തെ 440 പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും പരിശീലനം നല്കിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് വേണ്ട അവബോധം നൽകുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ? | സി) സാമൂഹ്യക്ഷേമ വകുപ്പിലെ 32000 അംഗൻവാടികൾ വഴി നടത്തുന്ന 'മദേഴ്സ് മീറ്റിംഗിൽ' കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം. പോഷകാഹാരം, സംരക്ഷണം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ചർച്ചകൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 368 — 11.12.2008 - ൽ മറുപടിക്ക്

## പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്;<br>ശ്രീ ബാബു എം. പാലിശ്ശേരി;<br>ശ്രീ. വി. ചെന്താമരാക്ഷൻ;<br>ശ്രീ. ജോർജ്ജ് എം. തോമസ്;<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി; | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനവും യന്ത്രസാമഗ്രികൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തവും യന്ത്ര സാമഗ്രികൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി നിലവിലുണ്ട്.<br>പട്ടികജാതി /പട്ടികവർഗ്ഗ /വനിത പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് പൂർണ്ണമായും അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ യഥാക്രമം 10, 6 ഇരട്ടി സർക്കാർ ഓഹരി പങ്കാളിത്തമായി നൽകുന്നു. |
| (ബി) | പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര സഹകരണ സംഘങ്ങൾക്ക് സഹായം ലഭിച്ചു; | (ബി) | പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ ഓഹരി പങ്കാളിത്തമായി 18 ലക്ഷവും ഗ്രാന്റ് ഇനത്തിൽ 2 ലക്ഷവും ചേർത്ത് 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| | | | അതിൽ സർക്കാർ ഓഹരി പങ്കാളിത്തമായി 18 ലക്ഷം രൂപ പൂർണ്ണമായും 8 പ്രാഥമിക സംഘങ്ങൾക്കായി നൽകുകയുണ്ടായി. ഗ്രാന്റ് ഇനത്തിൽ അനുവദിച്ച 2 ലക്ഷം രൂപ പൂർണ്ണമായും 11 പ്രാഥമിക സംഘങ്ങൾക്കായി നൽകുകയുണ്ടായി. |
| (സി) | ഈ വർഷം എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (സി) | ഈ സാമ്പത്തിക വർഷം സർക്കാർ ഓഹരി പങ്കാളിത്തമായി 22.5 ലക്ഷം രൂപയും ഗ്രാന്റ് ഇനത്തിൽ 2.5 ലക്ഷം രൂപയും വകയിരുത്തിയുട്ടുണ്ട്. |
| (ഇ) | ഇപ്രകാരം രൂപീകരിക്കുന്ന സഹകരണ സംഘങ്ങൾക്ക് മറ്റ് എന്തെല്ലാം സഹായങ്ങളാണ് വ്യവസായ വകുപ്പ് നൽകുന്നത് ? | (ഇ) | ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങൾക്ക് മറ്റ് സാമ്പത്തിക സഹായങ്ങൾ ഒന്നുംതന്നെ നൽകുന്നില്ല. എന്നാൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും ഒഴിവ് വരുന്ന മുറയ്ക്കും അർഹതയനുസരിച്ചും ഷെഡ്ഡുകൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 369 11.12.2008 -ൽ മറുപടിയ്ക്ക്

## നിയമപരിഷ്ക്കരണ കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : | ശ്രീ. എം. വിജയകുമാർ,<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) നിയമപരിഷ്ക്കരണ കമ്മിറ്റി സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നിയമങ്ങളാണ് കാലഹരണപ്പെട്ടിട്ടുള്ളത് ; | നിയമപരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | നിയമപരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| (ഡി) സമാന സ്വഭാവമുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | നിയമപരിഷ്ക്കരണ കമ്മീഷന്റെ പരാമർശ വിഷയത്തിൽ ഇതും ഉൾപ്പെടുന്നു. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

26.11.2001 - ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) 1054/01/നിയമം അനുസരിച്ച് മുൻ നിയമ മന്ത്രി ശ്രീ. കെ.എം. മാണി ചെയർമാനും മുൻ പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാനും മുൻ നിയമ വകുപ്പ് സെക്രട്ടറിയും അംഗങ്ങളായുള്ള ഒരു ലാ റിഫോംസ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിനും ഉദാരവൽക്കരണത്തിനുമനുസൃതമായി കാലോചിതമായി നിയമങ്ങൾ പരിഷ്ക്കരിക്കുകയായിരുന്നു കമ്മിറ്റിയുടെ ലക്ഷ്യം. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും ഏകീകരിക്കേണ്ട നിയമങ്ങൾ കണ്ടെത്തുന്നതിനും പുതിയ നിയമനിർമ്മാണത്തിനും നിലവിലുള്ള നിയമങ്ങൾക്ക് ഭേദഗതികൾ കൊണ്ടുവരുന്നതിനുമുള്ള ബില്ലുകൾ ശുപാർശ ചെയ്തു കൊണ്ടുള്ള കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ട് 2002 നവംബർ മാസത്തിൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

ആദ്യ റിപ്പോർട്ടിനുശേഷം കമ്മിറ്റി റിപ്പോർട്ടുകളൊന്നും സർക്കാരിന് സമർപ്പിക്കുകയുണ്ടായില്ല.

കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ടിലെ ശുപാർശപ്രകാരം കാലഹരണപ്പെട്ടതായി കണ്ടെത്തിയ 697 നിയമങ്ങൾ റദ്ദുചെയ്യുന്നതിനായി 2005-ൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. (2005 - ലെ ഓർഡിനൻസ് നം. 18 )

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17.11.2007 - ലെ ജി.ഒ. (എം.എസ്) നം. 253/2007/നിയമം എന്ന ഉത്തരവ് പ്രകാരം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ഒരു നിയമപരിഷ്ക്കരണകമ്മീഷൻ രൂപീകരിക്കുകയുണ്ടായി. കമ്മീഷൻ ഇതുവരെ സർക്കാരിന് ഔദ്യോഗിക റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ കമ്മീഷൻ ചില കരട് ബില്ലുകൾ തയ്യാറാക്കി സർക്കാരിന്റെ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി അയച്ചു തന്നിട്ടുണ്ട് (81 എണ്ണം). ഇവയൊക്കെ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിട്ടുമുണ്ട്. നിയമപരിഷ്ക്കരണ കമ്മീഷൻ അതിന്റെ റിപ്പോർട്ട് ഉടൻ തന്നെ സർക്കാരിന് സമർപ്പിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സർക്കാർ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *370

11-12-2008 -ൽ മറുപടിക്ക്

## കെൽട്രോണിന്റെ വികസനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. പി.ടി.എ. റഹിം:<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിന്റെ പ്രവർത്തനരഹിതമായിരുന്ന യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കെൽട്രോണിന്റെ കടബാദ്ധ്യത തീർക്കാൻ സർക്കാർ സഹായം നൽകിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഐ.ടി. മേഖലയിലേയ്ക്ക് കെൽട്രോണിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ടോ ; ഈ വർഷം ഇതുവരെ കെൽട്രോണിന് എത്ര കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) ഉണ്ട്. ഈ വർഷം നവംബർ 30 വരെ കെൽട്രോണിന് ആകെ 118 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 371      11.12.2008-ൽ മറുപടിക്ക്

**<u>മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ</u>**

| <u>ചോദ്യം</u> | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. സി.കെ. സദാശിവൻ: | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ)മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് ദ്വിമുഖ പ്രവർത്തനമാണുള്ളത് - ധാതു പര്യവേക്ഷണവും ധാതുപരിപാലനവും. വകുപ്പിലെ ഖനിജ പര്യവേക്ഷണ വിഭാഗവും മിനറൽ ഡവലപ്പ്മെന്റ് ആൻഡ് മൈനിംഗ് ലീസ് വിഭാഗവും ആണ് യഥാക്രമം പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (ബി) ധാതുപര്യവേക്ഷണങ്ങൾക്കായി നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച | (ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ധാതു പര്യവേക്ഷണത്തിനായി ഇപ്പോൾ അഞ്ച് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു |

| | | |
|---|---|---|
| വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | 1 | ചീനക്കളിമൺ നിക്ഷേപത്തിന്റെ ഗുണമേൻമയും അളവും തിട്ടപ്പെടുത്തുന്നതിനായി ഡ്രില്ലിംഗ് ഉൾപ്പെടെയുള്ള പര്യവേക്ഷണം കൊല്ലം ജില്ലയിൽ കുണ്ടറ-കാഞ്ഞിരക്കോട് ഭാഗത്തും കാസർഗോഡ് ജില്ലയിൽ കോമങ്ങൽപദവ്, മൂന്നുറോഡ് മാൽപ്പച്ചേരി ഭാഗത്തും നടത്തി വരുന്നു. |
| | 2 | മൈനർ മിനറൽ സർവേയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിലെ ചെറുകിട ധാതുക്കളുടെ ക്വാറി മാപ്പിംഗ് നടന്നുവരുന്നു. |
| | 3 | തിരുവനന്തപുരംജില്ലയിലെ ശാസ്തവട്ടം, വെയിലൂർ, തോന്നയ്ക്കൽ, പള്ളിപ്പുറം വില്ലേജുകളിൽപ്പെട്ട ചീനക്കളിമൺ ഖനികളുടെ പാരിസ്ഥിതിക ആഘാത പഠനം കേന്ദ്രസ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയുമായിച്ചേർന്ന് നടത്തി വരുന്നു. |
| | 4 | ട്രാവൻകൂർ സിമന്റ്സിനുവേണ്ടി വേമ്പനാട് കായലിലെ കക്കാ നിക്ഷേപം തിട്ടപ്പെടുത്തി വരുന്നു. |
| | 5 | സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ ഭൂമിശാസ്ത്രവിവര സാങ്കേതിക വിദ്യ ഉപയുക്തമാക്കിക്കൊണ്ട് മൈനർ മിനറൽ ക്വാറികളുടെയും വകുപ്പ് നടത്തുന്ന മറ്റ് ഖനിജ പര്യവേക്ഷണ പ്രവർത്തനങ്ങളുടെയും ഡേറ്റ ഡിജിറ്റൽ മാപ്പുകളും ഡേറ്റാ ബാങ്കുകളുമാക്കി മാറ്റുന്ന ഒരു പദ്ധതിയും വകുപ്പിൽ നടന്നു വരുന്നു. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് ഏതെല്ലാം ധാതുക്കൾ ഏതെല്ലാം പ്രദേശങ്ങളിൽ ലഭ്യമാണ് എന്നു കണ്ടെത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള ധാതുക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു |

| | ധാതുവിന്റെ പേര് | സ്ഥലം |
|---|---|---|
| 1 | ധാതുമണൽ | ചവറ മുതൽ തോട്ടപ്പള്ളി വരെയുള്ള തീര പ്രദേശം, കായംകുളം. |
| 2 | പ്രൈമറി സ്വർണ്ണം | മരുദ, നിലമ്പൂർ(മലപ്പുറം ജില്ല)<br>കാപ്പിൽ, നിലമ്പൂർ (മലപ്പുറം ജില്ല)<br>പുട്ടുമല, അട്ടപ്പാടി<br>കോട്ടത്തറ (പാലക്കാട് ജില്ല) |
| 3 | പ്ലേസർ സ്വർണ്ണം | പുന്നപ്പുഴയും ചാലിയാർപുഴയും നിലമ്പൂർ, (മലപ്പുറം ജില്ല) |
| 4 | ഇരുമ്പ് അയിര് | കോഴിക്കോട്, മലപ്പുറം ജില്ലകൾ |
| 5 | ബോക്സൈറ്റ് | കാസർഗോഡ്, കണ്ണൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകൾ |
| 6 | ഗ്രാഫൈറ്റ് | തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം ജില്ലകൾ |
| 7 | ചീനക്കളിമണ്ണ് | തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകൾ |

| | | |
|---|---|---|
| 8 | ബാൾക്ലേ | തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകൾ |
| 9 | ഫയർക്ലേ | കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകൾ |
| 10 | സിലിക്കാ മണൽ | ചേർത്തല (ആലപ്പുഴ ജില്ല) |
| 11 | ലിഗ്നൈറ്റ് | മാടായി (കണ്ണൂർ ജില്ല) നീലേശ്വരം, കാടകോട്ട് മല, കയ്യൂർ (കാസർഗോഡ് ജില്ല) |
| 12 | ചുണ്ണാമ്പുകല്ല് | പണ്ടാരത്ത്, വാളയാർ (പാലക്കാട് ജില്ല) |
| 13 | ചുണ്ണാമ്പുകക്ക | ആലപ്പുഴ, കോട്ടയം ജില്ലകളിലെ വേമ്പനാട് കായലും സമീപ പ്രദേശങ്ങളും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരപ്രദേശങ്ങൾ, കോഴിക്കോട് ജില്ലയിലെ പെരിയാർ, കടലുണ്ടി പുഴകളുടെ അഴിമുഖങ്ങൾ |
| 14 | മാഗ്നസൈറ്റ് | പാലക്കാട് ജില്ലയിലെ സാലയൂർ, മുള്ളി |
| 15 | ടാൾക് സ്റ്റിയറ്റൈറ്റ് | കോഴിക്കോട്, കണ്ണൂർ ജില്ലകൾ |

| | | |
|---|---|---|
| (ഡി) | എല്ലാ ജില്ലകളിലേയും മൈനർ മിനറൽ ക്വാറികൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) | ഇരുമ്പ്, സ്വർണ്ണം എന്നിവയുടെ നിക്ഷേപം കണ്ടെത്താൻ സർവേ നടക്കുന്നുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) | നിലമ്പൂർ താഴ്‌വരയിൽ മരുദ പ്രദേശത്ത് സ്വർണ്ണ പര്യവേഷണം നടത്താനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ? | (എഫ്) പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 372 — 11-12-2008-ൽ മറുപടിയ്ക്ക്

## രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.വി. ശിവൻകുട്ടി:<br>ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:** | **ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി പുനരാരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ)<br>വർഷങ്ങളായി പ്രവർത്തനം മുടങ്ങിക്കിടന്ന രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി ഒരു സൊസൈറ്റി ആയി 2006 ജൂൺ 1-ന് പ്രവർത്തനം ആരംഭിച്ചു. മുടങ്ങിക്കിടന്ന പൈലറ്റ് പരിശീലനം പുന:രാരംഭിക്കുന്നതിന്റെ പ്രാരംഭമമായി ഒരു മുഖ്യ വൈമാനിക പരിശീലകൻ, ഗ്രൗണ്ട് ഇൻസ്ട്രക്ടർമാർ തുടങ്ങിയ പരിശീലകരെ നിയമിച്ചു രണ്ടു പുതിയ അമേരിക്കൻ നിർമ്മിത സെസ്ന വിമാനങ്ങളും എയ്റോ ക്ലബ്ബ് ഓഫ് ഇന്ത്യയുടെ ആധുനിക സംവിധാനുമുള്ള ഒരു സെസ്ന വിമാനവും രാജീവ്ഗാന്ധി അക്കാദമിക്ക് ലഭിച്ചിട്ടുണ്ട്. സൊസൈറ്റി ആയതിനു ശേഷം ഈ അക്കാദമിയിലെ ആദ്യ ബാച്ചിലുള്ള വിദ്യാർത്ഥികളുടെ പരിശീലനം മെയ് 2008-ൽ ആരംഭിച്ചു. 27 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. |
| (ബി)<br>അക്കാദമി ഇതിനകം എത്ര വിമാനങ്ങൾ വാങ്ങി; ഇവയ്ക്ക് ഫ്ലൈയിംഗ് ലൈസൻസ് ലഭിച്ചിട്ടുണ്ടോ ; | (ബി)<br>അക്കാദമി ഇതിനകം 2 വിമാനങ്ങൾ വാങ്ങി. കൂടാതെ എയ്റോ ക്ലബ്ബ് ഓഫ് ഇന്ത്യയിൽ നിന്നും ഒരു സെസ്ന വിമാനം അക്കാദമിക്ക് ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് ഡി.ജി.സി.എ.യിൽ നിന്ന് സർട്ടിഫിക്കറ്റ് ഓഫ് എയർവർത്ത്നെസ്സ് കിട്ടിയിട്ടുണ്ട്. |
| (സി)<br>പൈലറ്റ് ട്രെയിനിംഗിനു പുറമെ മറ്റേതെങ്കിലും കോഴ്സുകൾ ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി)<br>എയ്റോനോട്ടിക് എഞ്ചിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) യും (ഡി) യും<br>മറ്റു കോഴ്സുകളായ എയ്റോ നോട്ടിക്കൽ മെയിന്റനൻസ് എഞ്ചിനീയറിംഗ് ഏവിയേഷൻ അനുബന്ധ കോഴ്സുകളായ ഫ്ലൈറ്റ് ഡെസ്പാച്ചേഴ്സ് പരിശീലനം ക്യാബിൻക്രൂ ട്രെയിനിംഗ് എന്നിവ ആരംഭിക്കാൻ ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373 | 11.12.2008 -ൽ മറുപടിയ്ക്ക് |
|---|---|

**വനിതാ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.സി.മൊയ്തീൻ**<br>**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>**ശ്രീമതി.കെ.എസ്. സലീഖ**<br>**ശ്രീ.കെ.സി. കുഞ്ഞിരാമൻ**<br>**ശ്രീ.പി. ജയരാജൻ** | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) വനിതാ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) വനിതാ കമ്മീഷൻ പ്രവർത്തനം സ്വയം വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി)കാലതാമസം ഒഴിവാക്കുന്നതിന് ജില്ലകൾ/താലൂക്ക് തോറും അദാലത്തുകൾ സംഘടിപ്പിച്ച് പരാതികളിൽ തീർപ്പ്കല്പിക്കുന്നു. |
| (സി) ഇപ്പോൾ എത്ര പരാതികൾ കമ്മീഷന്റെ പരിഗണനയിലുണ്ട്; | സി) 6384 പരാതികൾ കമ്മീഷന്റെ പരിഗണനയിലുണ്ട്. |
| (ഡി) ഈ സർക്കാർ വന്നശേഷം കമ്മീഷന്റെ എത്ര റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; അവയിലെ പ്രധാന നിർദ്ദേശങ്ങൾ/ശുപാർശകൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; | ഡി) ഈ സർക്കാർ വന്നശേഷം കമ്മീഷന്റെ 13 റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അവയിലെ പ്രധാന നിർദ്ദേശങ്ങൾ/ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശ.<br>2) വനിതാ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശ.<br>3) ഹോം നേഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശ.<br>4) വിധവകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശ.<br>5) അന്തർ സംസ്ഥാന വിവാഹങ്ങൾ സംബന്ധിച്ച ശുപാർശ.<br>6) പ്രൊട്ടക്ഷൻ ആഫീസർമാർ നേരിടുന്ന |

| | | |
|---|---|---|
| | | പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച ശുപാർശ.<br>7) പോത്താനിക്കാട് അന്ധ വിദ്യാലയത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ശുപാർശ.<br>8) ലഹരി പദാർത്ഥങ്ങളുടെ ദോഷഫലങ്ങളെ പറ്റി ബോധവത്കരിക്കാൻ ഉതകുന്ന കഥകളും മറ്റും പ്രൈമറി ക്ലാസുമുതൽ പാഠ പുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച ശുപാർശ.<br>9) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള 35 വയസ്സായ അവിവാഹിതരായ വനിതകൾക്ക് മുൻഗണന നൽകി നിയമനം നൽകുന്നത് സംബന്ധിച്ച ശുപാർശ.<br>10) ജീവനാംശം സംബന്ധിച്ച വിധി നടപ്പിലാക്കാൻ ക്രിമിനൽ പ്രൊസീഡ്യർ കോഡിൽ മാറ്റം വരുത്തുന്നതിനാവശ്യമായ ശുപാർശ.<br>11) വിവാഹത്തിനു മുമ്പ് സ്ത്രീ പുരുഷന്മാർ രക്തപരിശോധന നടത്തുന്നതിനുള്ള ശുപാർശ.<br>12) വയനാട്ടിൽ നിന്നും കർണ്ണാടകയിലേക്ക് കൊണ്ടുപോകുന്ന ഇഞ്ചിപണിക്കാരെ കാണാതാകുന്നതു സംബന്ധിച്ച ശുപാർശ.<br>13) ബസിൽ നിന്ന് യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് പിടിക്കുന്നതിന് കമ്പിയുടെ ഉയരം കുറയ്ക്കുന്നത് സംബന്ധിച്ച ശുപാർശ. |
| (ഇ) | കമ്മീഷൻ അടുത്തകാലത്ത് പരാതിക്കാരെയും എതിർ കക്ഷികളെയും നേരിട്ട് വിളിച്ചു വരുത്തി പരാതി പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ? | ഇ) പരാതിക്കാരേയും എതിർ കക്ഷികളേയും വിളിച്ചു വരുത്തി വാദം കേട്ടശേഷം ആവശ്യമായ സന്ദർഭങ്ങളിൽ റവന്യൂ/പോലീസ്, മറ്റു വകുപ്പുകൾ എന്നിവയിൽ നിന്നും റിപ്പോർട്ട് വാങ്ങി പരിശോധിച്ചശേഷമാണ് തീർപ്പ് കല്പിക്കുന്നത്. ഇത് വിജയകരമാണെന്നാണ് അനുഭവം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T-374 | 11.12.2008-ൽ മറുപടിക്ക് |

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;<br><br>(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ)-യും (ബി)-യും<br><br>കൊച്ചിയിലെ വല്ലാർപാടത്ത് കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനാവശ്യമായ 'എൻവിറോൺമെന്റൽ ക്ലിയറൻസ്' 09.11.2006 ലും പ്രസ്തുത സ്ഥലത്തിന് 'പ്രത്യേക സാമ്പത്തിക മേഖല' എന്ന പദവി 02.11.2006 -ലും ലഭിച്ചു. റോഡ്-റെയിൽ പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ പൊന്നുംവില നടപടികൾ പൂർത്തിയാക്കി സ്ഥലം അർത്ഥനാധികാരിയായ കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കൈമാറിക്കഴിഞ്ഞു. അഡീഷണൽ പൊന്നുംവില നടപടി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. റെയിൽ-റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) റോഡ്, റെയിൽ കണക്ടിവിറ്റിയ്ക്കായി നടക്കുന്ന പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകും ; | (സി) റോഡ് കണക്ടിവിറ്റി പ്രവർത്തനങ്ങൾ 2010 ഫെബ്രുവരിയോടു കൂടിയും റെയിൽ കണക്ടിവിറ്റി പ്രവർത്തനങ്ങൾ 2009 നവംബറോടു കൂടിയും പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) ടെർമിനൽ എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ ? | (ഡി) 2009 നവംബറോടു കൂടി ടി. പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 375 — 11.12.2008-ൽ മറുപടിക്ക്

## കളമശ്ശേരി കിൻഫ്രാ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. എളമരം കരീം<br>(ബഹു. വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കളമശ്ശേരി കിൻഫ്രാ പാർക്കിൽ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ പ്രോഡക്ട് സപ്പോർട്ട് സെന്റർ ആരംഭിക്കുന്നതു മൂലം പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (എ) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്. പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ആർമി, നേവി, എയർഫോഴ്സ് തുടങ്ങിയ സേനാവിഭാഗങ്ങൾക്കുള്ള റഡാറുകൾ, നേവൽ സിസ്റ്റം, ടാങ്ക് ഇലക്ട്രോണിക്സ്, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഇലക്ട്രോ ഒപ്ടിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ നിർമ്മിച്ചു നൽകുന്നത് "ബെൽ" ആണ്.<br>ഉയർന്ന സാങ്കേതിക വിദ്യ ലക്ഷ്യമാക്കിയുള്ള പ്രോഡക്ട് സപ്പോർട്ട് സെന്റർ ആണ് കളമശ്ശേരിയിലെ ഹൈടെക് പാർക്കിൽ ബെൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. പ്രസ്തുത കേന്ദ്രത്തിൽ ഇലക്ട്രോണിക്സ് മെയിന്റനൻസ് ലാബുകൾ. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ റിപ്പയർ സെന്റർ അവയുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾ എന്നിവ പ്രസ്തുത കേന്ദ്രത്തിൽ നടപ്പിലാക്കും. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കൊച്ചിൻ ഷിപ്പ്യാർഡ്, എൻ.പി.ഒ.എൽ എന്നിവയ്ക്ക് അത്യാധുനിക ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ നൽകാനും പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളാണ്. |

| | |
|---|---|
| (ബി) കമ്പനി എത്ര കോടി രൂപ സംസ്ഥാനത്ത് മുതൽ മുടക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) പ്രസ്തുത യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ 15 കോടി രൂപയുടെ മുതൽമുടക്കാണ് പ്രതീക്ഷിക്കുന്നത്. |
| (സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂടുതൽ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കൂടുതൽ നിക്ഷേപം ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടു കൂടി താഴെ പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>➢ കായംകുളം താപവൈദ്യുത നിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കൽ<br>➢ സതേൺ ഗ്യാസ് ഗ്രിഡിന്റെ നിർമ്മാണം<br>➢ കൊച്ചി-കാഞ്ഞിരക്കോട്-മംഗലാപുരം-ബാംഗ്ലൂർ പൈപ്പ്‌ലൈനിന്റെ നിർമ്മാണം<br>➢ കൊച്ചിയിൽ നിന്ന് കായംകുളത്തേക്ക് Sea Gas പൈപ്പ്‌ലൈൻ പ്രോജക്ടിന്റെ നിർമ്മാണം.<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ കേന്ദ്ര നിക്ഷേപം ആകർഷിക്കാൻ താഴെ പറയുന്ന പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.<br>➢ ആട്ടോ കാസ്റ്റും ഇന്ത്യൻ റെയിൽവേയും തമ്മിലുള്ള സംയുക്ത സംരംഭം<br>➢ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും സ്റ്റീൽ കോംപ്ലക്സും തമ്മിൽ സംയുക്ത സംരംഭം<br>➢ കെൽ-ഉം ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി സംയുക്ത സംരംഭം |

| | |
|---|---|
| | ➢ ടെൽക്കും എൻ.ടി.പി.സിയുമായി സംയുക്ത സംരംഭം. ഇതു കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ തുടങ്ങിയ സ്ഥാപനങ്ങളുടെ ശാഖകൾ തുടങ്ങണമെന്നാവശ്യപ്പെട്ടും നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള എച്ച്.എ.എൽ, ബി.ഇ.എം.എൽ തുടങ്ങിയ സ്ഥാപനങ്ങൾ കിൻഫ്രയുടെ അധീനതയിലുള്ള പാർക്കുകളിൽ വൻനിക്ഷേപം നടത്താൻ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) " ബെൽ " സംസ്ഥാനത്ത് എന്ന് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ഡി) പ്രോഡക്ട് സപ്പോർട്ട് സെന്ററിന്റെ നിർമ്മാണത്തിന് ഇതിനകം തന്നെ തറക്കല്ലിട്ടിട്ടുണ്ട്. 2010 ഓടെ ആദ്യഘട്ടം പൂർത്തിയാകുമെന്നാണ് കരുതുന്നത്. |

Rajesh
സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 376** | **11/12/2008-ൽ മറുപടിക്ക്** |
|---|---|

## ആശുപത്രികളിലെ മാലിന്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യമുൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് മാലിന്യ സംസ്കരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ ; | (ബി) സംസ്ഥാനത്തെ ആശുപത്രികളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ കർശന നിബന്ധനകളും ചട്ടങ്ങളും നിലവിലുണ്ട്. ആശുപത്രികൾ ജല, വായു, നിയമങ്ങൾ പ്രകാരമുള്ള അനുമതിയും ബയോ മെഡിക്കൽ വേസ്റ്റ് റൂൾസ് പ്രകാരമുള്ള ആതറൈസേഷനും നേടേണ്ടതുണ്ട്. നിബന്ധനകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ബോർഡുദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധനകൾ നടത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സ്വന്തമായി സംവിധാനങ്ങളില്ലാത്ത ആശുപത്രികൾക്കായി സംസ്ഥാന സർക്കാർ ഇമേജ് എന്ന സംഘടനയുമായി ധാരണയിലെത്തുകയും |

പാലക്കാട്ട് സ്ഥാപിച്ചിട്ടുള്ള പൊതുസംസ്കരണ പ്ലാന്റിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 1691 സ്വകാര്യ സ്ഥാപനങ്ങളും 81 സർക്കാർ ആശുപത്രികളും പാലക്കാട്ട് ഇമേജിന്റെ ആഭിമുഖ്യത്തിലുള്ള പൊതു സംസ്കരണ സംവിധാനം ഉപയോഗിച്ചു വരുന്നു. സർക്കാർ ആശുപത്രികളിലെ ഖരമാലിന്യ സംസ്കരണം അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടന്നുവരുന്നു.

| | | | |
|---|---|---|---|
| (സി) | മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ എത്ര ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്; എല്ലാ ആശുപത്രികളിലും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ; | (സി) | എല്ലാ ആശുപത്രികളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുകയെന്നത് പ്രായോഗികമല്ല. പകരം പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ നിർമാർജ്ജന പ്ലാന്റും കോട്ടയം മെഡിക്കൽ കോളേജിൽ ദ്രവ മാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റും പ്രവർത്തിയ്ക്കുന്നു. കൂടാതെ, ഇവിടെ ഒരു ബയോഗ്യാസ് പ്ലാന്റ് പൂർത്തിയായി വരുന്നു. തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിലവിലുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന് മാലിന്യ സംസ്കരണത്തിന് സ്വന്തമായി ഇൻസിനറേറ്ററും ഖരമാലിന്യങ്ങൾ കുടുംബശ്രീ യൂണിറ്റിലൂടെ വളമാക്കി മാറ്റുന്ന സംവിധാനവും നിലവിലുണ്ട്. കോഴിക്കോട് നെഞ്ചുരോഗാശുപത്രിയിൽ ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സ്വീവേജ് പ്ലാന്റിന്റെ നിർമ്മാണം നടന്നു വരുന്നു. |
| (ഡി) | പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളിൽ ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദിയായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഖരമാലിന്യ സംസ്കരണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. വീഴ്ച വരുത്തുന്നവർക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377 | 11/12/2008-ൽ മറുപടിക്ക് |
|---|---|

വൈകല്യമുള്ള കുട്ടികളുടെ സ്പെഷ്യലൈസ്ഡ് ട്രീറ്റ്മെന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.ബാബു<br>ശ്രീ.വർക്കല കഹാർ | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) വൈകല്യമുള്ള കുട്ടികളുടെ സ്പെഷ്യലൈസ്ഡ് ട്രീറ്റ്മെന്റിന് എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(എ)

1. ചലനവൈകല്യമുള്ള കുട്ടികളുടെ പ്രത്യേക ചികിത്സ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയവയിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ് നൽകിവരുന്നു.
2. ശാരീരികവും മാനസികവും ബൗദ്ധികവുമായി വൈകല്യമുള്ള കുട്ടികൾക്കായി സമഗ്ര ചികിത്സ സ്കൂൾ 'ഹെൽത്ത് പ്രോഗ്രാമിൽപ്പെടുത്തി എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത രണ്ട് സ്കൂളുകളിൽ ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കിവരുന്നു.
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വൈകല്യമുള്ള കുട്ടികളുടെ ചികിത്സക്കായി കൗമാരഭൃത്യ സ്പെഷ്യൽ ഒ.പി. ആഴ്ചയിൽ 3 ദിവസം നടത്തിവരുന്നു.
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും വൈകല്യമുള്ള കുട്ടികളുടെ സ്പെഷ്യലൈസ്ഡ് ട്രീറ്റ്മെന്റിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | വൈകല്യമുള്ള കുട്ടികളുടെ ചികിത്സയിൽ വൈദഗ്ദ്ധ്യം നേടിയ എത്ര ഡോക്ടർമാർ സംസ്ഥാനത്ത് ഉണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) | ആരോഗ്യ വകുപ്പിനു കീഴിൽ ബിരുദാനന്തര ബിരുദം നേടിയ 38 പേരും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 5 പേരും പ്രവർത്തിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ശിശുരോഗവിഭാഗം ഡോക്ടർമാർക്ക് പുറമെ മറ്റ് വിഭാഗം ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. |
| (സി) | എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും വൈകല്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (സി) | എല്ലാ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, തലശ്ശേരി ജനറൽ ആശുപത്രികളിലും, കൊല്ലം, ആലപ്പുഴ, കോട്ടയം, കോഴഞ്ചേരി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാഞ്ഞങ്ങാട്, മലപ്പുറം ജില്ലാ ആശുപത്രികളിലും ഇതിനുള്ള സംവിധാനങ്ങളുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 378

11.12.2008 ൽ മറുപടിയ്ക്ക്

# കടൽഭിത്തി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കടലാക്രമണ പ്രതിരോധത്തിനായി ഏതെല്ലാം മേഖലകളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്; | എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 കടലോര ജില്ലകളിലും കടൽഭിത്തി കെട്ടുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| ബി) ഈ വർഷം നടത്തിയ കടൽഭിത്തി നിർമ്മാണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | ബി) 12-ാം ധനകാര്യ കമ്മീഷനിൽ ഈ സാമ്പത്തിക വർഷം ഇതുവരെ വിവിധ ജില്ലകളിലായി 0.603 കി.മീറ്ററും സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 1.754 കി.മീറ്റർ നീളത്തിലും പുതിയ കടൽഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | സംസ്ഥാന ഫണ്ട് | 12-ാം ധനകാര്യ കമ്മീഷൻ (കി.മീ) | സുനാമി പുനരധിവാസ പ്രോഗ്രാം (കി.മീ) |
|---|---|---|---|
| തിരുവനന്തപുരം | - | 0.190 | 0.200 |
| ആലപ്പുഴ | 0.250 | 0.263 | 1.200 |
| എറണാകുളം | - | - | - |
| തൃശ്ശൂർ | - | - | - |
| മലപ്പുറം | - | - | - |
| കോഴിക്കോട് | - | - | 0.078 |
| കണ്ണൂർ | - | - | 0.026 |
| കാസർഗോഡ് | - | 0.150 | 0.250 |
| | 0.250 | 0.603 | 1.754 |

| | |
|---|---|
| സി) സുനാമിയുമായി ബന്ധപ്പെട്ട് കടൽഭിത്തി നിർമ്മാണത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | സി) സുനാമിയുമായി ബന്ധപ്പെട്ട കടൽഭിത്തി നിർമ്മാണത്തിനും പുനരുദ്ധതാരണത്തിനുമായി G.O(Rt) 1040/07/WRD dated 31-07-2007 പ്രകാരം 145 പണികൾക്ക് 120 കോടി രൂപയുടെ ഭരണാനുമതി ~~ലഭിച്ചിട്ടുണ്ട്~~ നൽകിട്ടുണ്ട്. |

| | |
|---|---|
| ഡി) കടലാക്രമണം മൂലം കടൽഭിത്തികൾക്കുണ്ടായിട്ടുള്ള കേടുപാടുകൾ തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 379 11-12-2008-ൽ മറുപടിയ്ക്ക്

സ്പോർട്സ് മെഡിസിൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്സ് മെഡിസിൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)<br>1994-2001 കാലഘട്ടത്തിലായി ഏതാനും ജില്ലകളിൽ ജില്ലാ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ താമസിയാതെ തന്നെ ഇതിന്റെ പ്രവർത്തനം നിർത്തി വെച്ചു.<br>കോഴിക്കോടും കോട്ടയത്തും മെഡിക്കൽ കോളേജുകളുമായി ചേർന്ന് സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കാൻ ചർച്ച നടന്നു വരുന്നു. ജില്ലാ ആശുപത്രികളിലേയ്ക്കും ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>ഇപ്പോൾ സ്പോർട്സ് ഡയറക്ടറേറ്റിനോട് ചേർന്ന് രാജീവ് ഗാന്ധി ഫിസിക്കൽ മെഡിസിൻ സെന്റർ പ്രവർത്തിച്ചു വരുന്നു. |
| (ബി)<br>ഇവിടെ നിയമിക്കുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും പ്രത്യേക പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി)<br>പ്രത്യേകം പരിശീലനം സിദ്ധിച്ചവരെയാണ് ഇവിടെ നിയമിയ്ക്കുന്നത്. |
| (സി)<br>പദ്ധതിയുടെ നടത്തിപ്പിന് മെഡിക്കൽ കോളേജുകളുടെയും ജില്ലാ ആശുപത്രികളുടെയും സഹകരണം ഉറപ്പാക്കുമോ ; | (സി)<br>കോഴിക്കോടും കോട്ടയത്തും മെഡിക്കൽ കോളേജുകളുമായി ചേർന്ന് സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ഡി)<br>തുടക്കത്തിൽ എത്ര സെന്ററുകളാണ് ആരംഭിക്കുന്നത്; | (ഡി)<br>പരിശോധിച്ചു വരുന്നു. |
| (ഇ)<br>അടുത്ത ദേശീയ ഗെയിംസ് സംസ്ഥാനത്തു വച്ച് നടത്തുന്ന സാഹചര്യം കൂടി പരിഗണിച്ച് ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ ? | (ഇ)<br>പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 380 | 11.12.2008 ൽ മറുപടിക്ക് |
|---|---|

## മനോരോഗാശുപത്രികളുടെ പ്രവർത്തനം

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. പി.വിശ്വൻ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മാനോരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | <u>തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം</u><br>ഈ ആശുപത്രിയുടെ വികസനത്തിനായി തയ്യാറാക്കിയ വിശദമായ മാസ്റ്റർ പ്ലാൻ പ്രകാരം പുതിയ കെട്ടിടങ്ങളുടേയും വാർഡുകളുടേയും നിർമ്മാണം നടന്നുവരുന്നു. 2005.ൽ ലഭ്യമായ കേന്ദ്രസഹായമായ 250 ലക്ഷം രൂപ ഉപയോഗപ്പെടുത്തി ഡി.അഡിക്ഷൻ വാർഡിൻെറ നിർമ്മാണം പുരോഗമിച്ച് വരുന്നു. ഈ തുകയിൽ ഉൾപ്പെടുത്തി ഒരു വനിതാവാർഡ് നിർമ്മിക്കാനും ഉദ്ദേശിക്കുന്നു. ഫോറൻസിക് വാർഡിൻെറ പുതിയ ബ്ളോക്കും ഒരു വനിതാവാർഡും പുതുതായി പണികഴിപ്പിച്ച് രോഗികൾക്കായി ഉപയോഗപ്പെടുത്തി വരുന്നു. രോഗികൾക്ക് ഔഷധങ്ങൾ, മെച്ചപ്പെട്ട ഭക്ഷണം വസ്ത്രം തുടങ്ങിയവ ലഭ്യമാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിൻെറ ഭാഗമായി ഈ വർഷം പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 35 ലക്ഷം രൂപ ഉപയോഗിച്ച് ക്ളിനിക്കൽ ലബോറട്ടറി നവീകരണവും പുതിയ ലോൺട്രി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനവും നടന്ന് വരുന്നു.<br>എല്ലാ ശനിയാഴ്ചകളിലും കുട്ടികൾക്കും, കൗമാര പ്രായക്കാർക്കും വേണ്ടിയും വൃദ്ധ ജനങ്ങൾക്കു വേണ്ടിയും പ്രത്യേകം ക്ളിനിക്കുകൾ പ്രവർത്തിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | <u>**തൃശൂർ മാനസികാരോഗ്യ കേന്ദ്രം**</u><br>**ഈ കേന്ദ്രത്തിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി 2005 വർഷത്തിൽ ലഭിച്ച 179 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ഉപയോഗിച്ച് ബിഹേവിയർ ഇൻറൻസീവ് യൂണിറ്റ് , സിക്ക് വാർഡ്, ഡി.അഡിക്ഷൻ വാർഡ് ഫോറൻസിക് വാർഡ് , റീ ഹാബിലിറ്റേഷൻ വാർഡ് പുതിയ ഒ.പി കെട്ടിടം എന്നിവയുടെ നിർമ്മാണം നടന്ന്കൊണ്ടിരിക്കുന്നു. വാർഡുകളിൽ കമ്പ്യൂട്ടർ വൽക്കരണ നടപടികൾ നടന്ന് വരുന്നു. മാനസിക ഉല്ലാസത്തിനായി വാർഡുകളിൽ ടി.വി സ്ഥാപിച്ചിട്ടുണ്ട്.ബയോഗ്യാസ് പ്ലാൻറിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 30 ലക്ഷം രൂപ ഉപയോഗിച്ച് അടിസ്ഥാന വികസനം നടത്തി വരുന്നു.**<br><u>**കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം**</u><br>**ഈ കേന്ദ്രത്തില നാഷണൽ മെൻറൽ ഹെൽത്ത് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 285 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ഉപയോഗിച്ച് പഴയകെട്ടിടങ്ങൾ പൊളിച്ച് മാറ്റി ആധുനിക രീതിയിലുള്ള കെട്ടിടങ്ങളുടെ പണി നടന്നു വരുന്നു.രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി സ്ഥാപ്പിച്ച പുതിയ ഗ്രന്ഥശാല സുഗമമായി പ്രവർത്തിച്ച് വരുന്നു. രോഗികളുടെ മാനസിക ഉല്ലാസത്തിനായി ടി.വി റേഡിയോ എന്നിവ എല്ലാ വാർഡിലും സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ മുഖേന ഒരു ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.** |
| **ബി)** | **തിരുവനന്തപുരം,തൃശ്ശൂർ, കോഴിക്കോട് ആശുപത്രികളിൽ എത്ര രോഗികളെ വീതം പ്രവേശിപ്പിച്ചിട്ടുണ്ട്;** | **ബി)** | **04..12..2008 ലെ കണക്കനുസരിച്ച് താഴെപ്പറയും പ്രകാരം പ്രവേശിച്ചിട്ടുണ്ട്.**<br>**തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം .548**<br>**തൃശൂർ മാനസികാരോഗ്യകേന്ദ്രം.372**<br>**കോഴിക്കോട് മാനസികാരോഗ്യകേന്ദ്രം .519** |

| | | | |
|---|---|---|---|
| സി) | ഈ ആശുപത്രികളുടെ വികസനത്തിനായി ഈ വർഷം ആവിഷ്ക്കരിച്ചിട്ടിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | സി) | തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമമായി ഈ വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ക്ലിനിക്കൽ ലബോറട്ടറിയുടെ നവീകരണവും പുതിയ പവ്വർ ലോൺട്രിയും സ്ഥാപിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.<br>തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിന് 30 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. പുനരധിവാസ പരിപാടിയുടെ ഭാഗമായി ആശുപത്രിയിൽ രോഗികളുടെ ഉപയോഗത്തിനുള്ള ബ്രഡ് നിർമ്മാണത്തിനായി ഒരു ബ്രഡ് മേക്കിംഗ് യൂണിറ്റ് ആരംഭിക്കുവാനുള്ള നടപടികൾ നടന്ന് വരുന്നു. കൂടാതെ സോളാർ ലാംബ് , സോളാർ ഹീറ്റിംഗ് സിസ്റ്റം , ബയോഗ്യാസ് പ്ലാന്റ് ട്രെയിനിംഗ് പരിപാടികൾ മൊബൈൽ മോർച്ചറി, വിവിധ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ ലാബ് നവീകരണം കിച്ചൺ ഒ.പി കെട്ടിടം, കോൺഫറൻസ് ഹാൾ എന്നിവയുടെ പ്രവർത്തനവും നടന്നു വരുന്നു. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി കെട്ടിട നവീകരണത്തിനും വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും ലാബ് നവീകരിക്കുന്നതിനും 30 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| ഡി) | രോഗികളുടെ പുനരധിവാസത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 381 11-12-2008-ൽ മറുപടിയ്ക്ക്

കേരളോത്സവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>ഈ വർഷത്തെ കേരളോത്സവം പൂർത്തിയായിട്ടുണ്ടോ; | (എ)<br>ഇല്ല. സംസ്ഥാനതല കേരളോത്സവം ഡിസംബർ 12 മുതൽ 15 വരെ ആലപ്പുഴ ജില്ലയിൽ വെച്ച് നടക്കുകയാണ്. |
| (ബി)<br>മുൻവർഷത്തെക്കാൾ മെച്ചമായി ഈ വർഷം കേരളോത്സവം നടത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ; | (ബി)<br>ഉണ്ട്. മുൻവർഷങ്ങളെക്കാൾ മെച്ചമായി കേരളോത്സവം നടത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി)<br>ചില തദ്ദേശ സ്ഥാപനങ്ങൾ പരിപാടിയുമായി പൂർണ്ണമായും സഹകരിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി)<br>ഉണ്ട്. |
| (ഡി)<br>കേരളോത്സവം കൂടുതൽ ജനപ്രിയമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഡി)<br>കേരളോത്സവം കൂടുതൽ ജനപ്രിയമാക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 382. 11.12.2008 -ൽ മറുപടിയ്ക്ക്

## ലീഗൽ സർവ്വീസ് അതോറിറ്റികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി. ഡി. സതീശൻ | ശ്രീ. എം. വിജയകുമാർ, (നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ ഇവയുടെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | ഉണ്ട്. കേന്ദ്ര നിയമമായ 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട് അനുസരിച്ചാണ് സംസ്ഥാന നിയമ സേവന അതോറിറ്റി സ്ഥാപിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് രക്ഷാധികാരിയായും കേരള ഹൈക്കോടതിയിലെ സീനിയർ സിറ്റിംഗ് ജഡ്ജി എക്സിക്യൂട്ടീവ് ചെയർമാനായും പ്രവർത്തിക്കുന്ന ഈ അധികാര സമിതിയുടെ മെമ്പർ സെക്രട്ടറി ഒരു സിറ്റിംഗ് ജില്ലാ ജഡ്ജി ആണ്. സർക്കാർ നോമിനേറ്റ് ചെയ്യുന്ന 7 അംഗങ്ങളെ കൂടാതെ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, നിയമ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, കേരള ബാർ കൗൺസിൽ ചെയർമാൻ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള ബാർ ഫെഡറേഷൻ പ്രസിഡന്റ്, കേരള സംസ്ഥാന വനിത കമ്മീഷൻ ചെയർപേഴ്സൺ, ഹൈക്കോടതി രജിസ്ട്രാർ എന്നിവർ അംഗങ്ങളാണ്.<br><br>എല്ലാ ജില്ലകളിലും പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കു-കളിലും സീനിയർ ആയ ജുഡീഷ്യൽ ഓഫീസറുടെ അദ്ധ്യക്ഷതയിലുള്ള താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ 14 ജില്ലകളിലും 62 താലൂക്കുകളിലും ഈ അധികാര സമിതികൾ പ്രവർത്തിക്കുന്നുണ്ട്. |

ടി നിയമത്തിലെ 12-ാം വകുപ്പ് പ്രകാരം സൗജന്യ നിയമ സഹായം ലഭിക്കുന്ന വിഭാഗങ്ങൾ താഴെപ്പറയും പ്രകാരമാണ്.

എ) പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ;

ബി) യാചകർ ;

സി) സ്ത്രീകൾ, കുട്ടികൾ;

ഡി) വികലാംഗർ ;

ഇ) പ്രകൃതി ദുരന്തം, വർഗ്ഗീയ ലഹള, വെള്ളപ്പൊക്കം, വരൾച്ച, ഭൂമികുലുക്കം, വ്യാവസായിക ദുരന്തം എന്നിവ ബാധിച്ച ആളുകൾ;

എഫ്) വ്യാവസായിക തൊഴിലാളികൾ;

ജി) കസ്റ്റഡിയിൽ കഴിയുന്ന ആളുകൾ;

എച്ച്) 25,000/- രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള ആളുകൾ;

സൗജന്യ നിയമ സേവനം നൽകുന്നതു

കൂടാതെ കേസുകൾ വേഗം തീർപ്പാക്കാൻ വേണ്ടിയും പൊതുജനങ്ങളുടെ തർക്ക

പരിഹാരത്തിന് വേണ്ടിയും ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്ന ചുമതലയും നിയമ സേവന അതോറിറ്റി നിർവ്വഹിക്കുന്നുണ്ട്.

വിദൂര ഗ്രാമങ്ങളിലും കോളനികളിലും താമസിക്കുന്ന ആളുകൾക്ക് നിയമ സേവനം ലഭ്യമാക്കുന്നതിനായി പാരാ ലീഗൽ വോളന്റിയർമാരെ സംസ്ഥാന നിയമ സേവന അതോറിറ്റി നിയമിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ

ഇടയിൽ നിന്നും നിയമ സേവനങ്ങൾ ആവശ്യമുള്ളവരെ കണ്ടെത്തി ഈ അതോറിറ്റിയുടേയോ ജില്ലാ നിയമ സേവന അതോറിറ്റിയുടേയോ താലൂക്ക് നിയമ സേവന കമ്മിറ്റികളുടെയോ സേവനം ലഭ്യമാക്കുക എന്നതാണ് ഇവരുടെ ദൗത്യം. ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് കൂടി പാരാ ലീഗൽ വോളന്റിയേഴ്സ് ട്രെയിനിംഗ് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

കൂടാതെ നിയമ ബോധന ക്ലാസ്സുകൾ സ്കൂൾ തലങ്ങളിലും കോളേജ് തലങ്ങളിലും കുടുംബശ്രീ അംഗങ്ങൾക്കുമായി എല്ലാ വർഷവും പുസ്തകങ്ങൾ വിതരണം ചെയ്ത്, നടത്തുന്നുണ്ട്. സി.ബി.എസ്.ഇ. സ്കൂളുകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആലോചന ഉണ്ട്.

ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ്സുകൾ നടത്താൻ നിയമ സഹായം നൽകുന്നതിന് ടി കോടതികളിൽ പ്രവർത്തിക്കുന്ന ലീഗൽ സർവ്വീസസ് കമ്മിറ്റികൾക്ക് ബന്ധപ്പെട്ട പരാതികൾ അയച്ചുകൊടുക്കുന്നുണ്ട്. 1/1/2007 മുതൽ 31/12/2007 വരെ 4947 ആളുകൾക്ക് സൗജന്യ നിയമ സേവനം നൽകിയിട്ടുണ്ട്. ഇതിൽ 143 പട്ടിക

ജാതി/പട്ടിക വർഗ്ഗക്കാരും 76 പിന്നോക്ക വിഭാഗക്കാരും 638 സ്ത്രീകളും 38 കുട്ടികളും 908 വിചാരണത്തടവുകാരും 3144 മറ്റുള്ളവരും ഉൾപ്പെടുന്നു. 1/1/2008 മുതൽ 31/10/2008 വരെ 8941 ആളുകൾക്ക് സൗജന്യ നിയമ സേവനം നൽകിയിട്ടുണ്ട്. ഇതിൽ 128 പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരും 153 പിന്നോക്ക വിഭാഗക്കാരും 1899 സ്ത്രീകളും 102 കുട്ടികളും 1016 വിചാരണത്തടവുകാരും 5643 മറ്റുള്ളവരും ഉൾപ്പെടുന്നു.

ദേശീയ നിയമ സേവന അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെക്കുറിച്ച് (NREGA) ഗ്രാമീണർക്കിടയിൽ അവബോധമുണ്ടാക്കുക എന്ന ദൗത്യം ഈ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ബഹു: ഇന്ത്യൻ പ്രധാനമന്ത്രി 2008-ലെ ഗാന്ധി ജയന്തി ദിനത്തിൽ ഡൽഹിയിൽ കൂടിയ സമ്മേളനത്തിൽ പ്രത്യേകം പ്രഖ്യാപിച്ചിട്ടുള്ളതാണ്.

1/1/2007 മുതൽ 31/12/2007 വരെയുള്ള കാലയളവിനുള്ളിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടേയും അതിനു കീഴിലുള്ള ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ്

അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നിവയിലൂടെ നടത്തിയ 1331 അദാലത്തുകൾ വഴിയായി 18780 കേസുകൾ ഒത്തുതീർപ്പ് ആയിട്ടുള്ളതാണ്. കൂടാതെ 1/1/2007 മുതൽ 31/12/2007 വരെയുള്ള കാലയളവിനുള്ളിൽ മോട്ടോർ വാഹന അപകട കേസുകൾക്കായി 1444 അദാലത്തുകൾ നടത്തുകയും ടി അദാലത്തുകളിലൂടെ 20712 വാഹനാപകട കേസുകൾ ഒത്തുതീർപ്പ് ആക്കുകയും 32,21,83,958 രൂപയുടെ നഷ്ട പരിഹാര സംഖ്യ കക്ഷികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

1/1/2008 മുതൽ 31/10/2008 വരെയുള്ള കാലയളവിൽ 1067 അദാലത്തുകളിലായി 33319 കേസുകൾ ഒത്തുതീർപ്പ് ആയിട്ടുള്ളതാണ്. 1/1/2008 മുതൽ 31/10/2008 വരെയുള്ള കാലയളവിനുള്ളിൽ 1227 അദാലത്തുകളിലൂടെ 23095 വാഹനാപകട കേസുകൾ ഒത്തുതീർപ്പാക്കുകയും 30,35,01,181 രൂപ നഷ്ടപരിഹാരം നൽകുവാൻ തീരുമാനമായിട്ടുള്ളതുമാണ്.

കെൽസയുടെ സഹകരണത്തോടെ നടത്തിയ പ്രവർത്തനങ്ങൾ മൂലം ചെറിയനാട് ഗ്രാമ പഞ്ചായത്ത് വ്യവഹാര നിയന്ത്രിത ഗ്രാമപഞ്ചായത്തായി 2008 നവംബർ 8-ന് ബഹു: ചീഫ് ജസ്റ്റീസ് ഓ ഫ് ഇൻഡ്യ പ്രഖ്യാപിച്ചു. കൂടാതെ ടി പഞ്ചായത്ത് 100% നിയമ സാക്ഷരത നേടിയ പഞ്ചായത്തായും അന്നേദിവസം ബഹു: മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

| | |
|---|---|
| (ബി) ലീഗൽ സർവ്വീസ് അതോറിറ്റികളുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തുന്നതിനും താലൂക്ക് തലത്തിൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 383 — 11.12.2008-ൽ മറുപടിക്ക്

## നബാർഡ് സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.വി. അബ്ദുൽ ഖാദർ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ വർഷം എത്ര കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്; | (എ) | ഈ വർഷം 670.16 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള 36 കുടിവെള്ള പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 384 — 11.12.2008-ൽ മറുപടിയ്ക്ക്

## കൈത്തറി വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ ദിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. സി.ടി. അഹമ്മദ് അലി | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു ലഭ്യമാകുന്ന തൊഴിൽ ദിനങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തെ കണക്ക് പ്രകാരം എത്രയെന്ന് വെളിപ്പെടുത്തുമോ; | എ) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 2006-07 വർഷത്തിൽ ഏകദേശം 485 ലക്ഷം തൊഴിൽ ദിനങ്ങളും 2007-08 വർഷത്തിൽ ഏകദേശം 533.03 ലക്ഷം തൊഴിൽ ദിനങ്ങളും ഉണ്ടായിരുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) ഇവർക്ക് തൊഴിൽ ദിനങ്ങൾ മുഴുവനും തൊഴിൽ നൽകാൻ എന്താണ് പ്രധാന തടസ്സം; | ബി) ഉല്പന്നങ്ങളുടെ വില്പനയിലുള്ള കുറവും പ്രവർത്തന മൂലധനത്തിന്റെ കുറവും ഭാരിച്ച കടബാദ്ധ്യതകളുമാണ് പ്രധാന തടസ്സമായി കാണുന്നത്. |
| സി) കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടവർക്കെല്ലാം ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) സംസ്ഥാനത്ത് യാൺ ബാങ്കുകൾ മുഖേനയും എൻ.എച്ച്.ഡി.സി.വഴിയുള്ള കേന്ദ്രഗവൺമെന്റിന്റെ മിൽഗേറ്റ് പ്രൈസ് സ്കീം മുഖേനയും കൈത്തറി വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രധാന അസംസ്കൃത വസ്തുവായ കഴിനൂൽ, ചായങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. |
| ഡി) ഇപ്പോൾ എത്രത്തോളം അസംസ്കൃത സാധനങ്ങൾ ലഭ്യമാണെന്ന് വ്യക്തമാക്കുമോ; | ഡി) അസംസ്കൃത വസ്തുവായ കഴിനൂൽ ആവശ്യാനുസരണം ലഭ്യമാകുന്നുണ്ട്. |
| ഇ) കൈത്തറി വ്യവസായത്തിന് ലഭ്യമാക്കുന്ന അസംസ്കൃത സാധനങ്ങൾക്കനുസൃതമായി ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ? | ഇ) ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ ഇക്കാര്യം പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 385 — 11.12.2008-ൽ മറുപടിക്ക്

## ശുദ്ധജല വിതരണപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. യു.സി. രാമൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വലുതും ചെറുതുമായ എത്ര ശുദ്ധജല വിതരണ പദ്ധതികളാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നത്; ഈ പദ്ധതികളുടെ മൊത്തം അടങ്കൽ തുക എത്രയാണ്; | (എ) വിവിധ പദ്ധതികളിലായി 524683.09 ലക്ഷം രൂപ അടങ്കൽ തുകയുള്ള ചെറുതും വലുതുമായ 563 പദ്ധതികൾ നിർമ്മാണത്തിൽ ഉണ്ട്. കൂടാതെ 533.78 ലക്ഷം രൂപ അടങ്കൽ തുകയുള്ള 559 ഗ്രാമീണ സ്കൂളുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതികളും 136.33 ലക്ഷം രൂപ അടങ്കൽ തുകയുള്ള 477 യൂണിറ്റ് വർഷ പദ്ധതികളും ഏകദേശം 8 കോടി രൂപയുടെ 99 സ്വജൽധാര പദ്ധതികളും നിർമ്മാണത്തിൽ ഇരിക്കുന്നവയിൽ ഉൾപ്പെടുന്നു.<br><br>5585.22 ലക്ഷം തുകയുടെ 1258 ഡെപ്പോസിറ്റ് പ്രവർത്തിയായി ചെയ്യുന്ന കുടിവെള്ള പദ്ധതികളും വാട്ടർ അതോറിറ്റി മുഖേന ഏറ്റെടുത്ത് നടത്തി വരുന്നു. |
| (ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ബി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയ-ബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 386 — 11.12.2008-ൽ മറുപടിക്ക്

### ജല അതോറിറ്റി പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ.വി. അബ്ദുൽ ഖാദർ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റി പുന:സംഘടന നടത്തുന്നതോടെ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമോ; | (എ) വാട്ടർ അതോറിറ്റി പുന:സംഘടനയിൽ സ്ഥാപന ശാക്തീകരണം പൂർത്തിയാകുന്നതോടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയും. |
| (ബി) പുന:സംഘടന സംബന്ധിച്ച് ജീവനക്കാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ; | (ബി) പുന:സംഘടന സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയും അവരുടെ നിർദ്ദേശം കൂടി പരിഗണിച്ചുകൊണ്ട് സ്ഥാപന ശാക്തീകരണ പദ്ധതിക്കായി ജീവനക്കാർ അടങ്ങിയ ഒരു വർക്കിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ജല അതോറിറ്റിയിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 387 — 11.12.2008-ൽ മറുപടിക്ക്

## സ്ത്രീകളിലെ അനീമിയ രോഗബാധ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| **എ)** സംസ്ഥാനത്തെ സ്ത്രീകളിൽ അനീമിയ രോഗബാധ കൂടുതലായി കണ്ടുവരുന്നുണ്ടോ ; | **എ)** ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ ഈ രോഗബാധ കുറവാണ്. |
| **ബി)** എത്ര ശതമാനം സ്ത്രീകളിലും കുട്ടികളിലുമാണ് ഇത് കണ്ടുവരുന്നത് ; | **ബി)** കേരളത്തിലെ വിവാഹിതരായ 15-നും 49-നും ഇടയ്ക്കു പ്രായമുള്ള സ്ത്രീകളിൽ നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ രണ്ടും മൂന്നും പ്രകാരം അനീമിയ രോഗ ബാധിതർ യഥാക്രമം 22.7%-വും 32.3%വും ആണ്. എന്നാൽ ഇൻഡ്യയിലെ പ്രസ്തുത വിഭാഗം സ്ത്രീകളിൽ ഇവ യഥാക്രമം 51.8% വും 56.1% വും ആണ്. കുട്ടികളിൽ കേരളത്തിൽ ഇവ യഥാക്രമം (6-35 മാസം) 43.9% വും 55.7% വും ആണ്. ഇന്ത്യയിൽ ഇവ യഥാക്രമം 74.2%വും 79.1% വും ആണ്. |
| **സി)** ഈ രോഗം ഉണ്ടാകാനുള്ള കാരണമെന്തെന്നും ഇതിനെ നേരിടാൻ എന്തെല്ലാം നടപടികളെടുത്തുവെന്നും അറിയിക്കുമോ ? | **സി)** ഈ രോഗം ഉണ്ടാകാനുള്ള പ്രധാന കാരണം ആഹാരത്തിൽ ഇരുമ്പുസത്തിന്റെ കുറവ് ഉണ്ടാകുമ്പോഴാണ്. അനീമിയ രോഗത്തിന്റെ ചികിൽസയ്ക്കും പ്രതിരോധത്തിനുമായി സർക്കാർ ആശുപത്രികളിലൂടെയും ഉപകേന്ദ്രങ്ങളിലൂടെയും അംഗൻവാടികളിലൂടെയും കേന്ദ്രഗവൺമെന്റ് സൗജന്യമായി നൽകുന്ന ഇരുമ്പു സത്തുഗുളികകൾ (അയൺ ഫോളിക് ആസിഡ്) വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ സമൂഹത്തിൽ അനീമിയയ്ക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 388

11.12.2008-ൽ മറുപടിക്ക്

## വ്യവസായിക മേഖലയിൽ മുതൽ മുടക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. എം. മുരളി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) അടുത്ത മൂന്നു വർഷത്തിനുള്ളിൽ എത്ര കോടി രൂപയുടെ മുതൽ മുടക്ക് സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) അടുത്ത മൂന്നു വർഷത്തിനുള്ളിൽ വ്യവസായ വാണിജ്യ വകുപ്പ്, കെ.എസ്.ഐ.ഡി.സി, കിൻഫ്ര തുടങ്ങിയ വിവിധ ഏജൻസികൾ വഴി ഒപ്പുവച്ച ധാരണാപത്രങ്ങളിലൂടെയും വിവിധ നിക്ഷേപ സംഗമങ്ങളിലും ലഭിച്ച ഉറപ്പുകളുടെയും അടിസ്ഥാനത്തിൽ ഏകദേശം 15000 കോടിയോളം രൂപയു--ടെ മുതൽമുടക്ക് സംസ്ഥാനത്തേക്ക് ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ കാസർഗോഡ് പദ്ധതി, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ എറണാകുളം പദ്ധതി തുടങ്ങിയവ ഉൾപ്പെടെയാണ് ഇത്. |
| (ബി) അതിനുവേണ്ടി എന്തെല്ലാം നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന -ശേഷം കേരളത്തിലെ അനുകൂല വ്യവസായ നിക്ഷേപ അന്തരീക്ഷം മറുനാടുകളിലെത്തിക്കുന്നതിനും സംസ്ഥാനത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അറേബ്യൻ ഗൾഫ്, അമേരിക്ക, യൂറോപ്പ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവാസി മലയാളികളു-മായി നിക്ഷേപ സാധ്യതകളെപ്പറ്റിയും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി എന്നിവയെക്കുറിച്ചും ചർച്ച ചെയ്യുകയു--ണ്ടായി. കൂടാതെ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് മുംബൈ, ഡൽഹി, ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. |

സംസ്ഥാനത്ത് വ്യവസായ വികസനത്തി-ന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതി-ലേയ്ക്കായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരളാ ലിമിറ്റഡ് (ഇൻകൽ) എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനു-വേണ്ടി കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ എല്ലാം തന്നെ നൽകുന്നതി-നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമ-സ്ഥതയിലുള്ള വ്യവസായ വികസന ഏരിയ/വികസന പ്ലോട്ട്, മിനി വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വകുപ്പു തലത്തിലും നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതി മുഖേനയും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുണ്ട്.

(സി) ഈ നിക്ഷേപം സംസ്ഥാനത്തു വരുമ്പോൾ ആവശ്യമായ വൈദ്യുതി, വെള്ളം, റോഡുകൾ മുതലായ പശ്ചാത്തല വികസനം ഉണ്ടാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

(സി) വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിച്ച് ഇവയുടെ വികസനത്തിനായി സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 389. 11.12.2008 -ൽ മറുപടിയ്ക്ക്

## ബൗദ്ധിക സ്വത്തവകാശ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. വി. ശശികുമാർ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ. എം. വിജയകുമാർ,<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) ബൗദ്ധിക സ്വത്തവകാശനയം പ്രഖ്യാപിച്ചതിനുശേഷം നയം നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ബൗദ്ധിക സ്വത്തവകാശ നയത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് ടി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സമിതിയായ കേരള ബൗദ്ധികസ്വത്തവകാശ മേൽനോട്ട സമിതി<br>(SUPERVISORY COUNCIL ON INTELLECTUAL PROPERTY) ഉടൻ നിലവിൽ വരും. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. നിയമവകുപ്പിനെ ഇതിന്റെ ഭരണവകുപ്പായി തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കേരള ട്രഡിഷണൽ നോളഡ്ജ് അതോറിറ്റി (കെ.ടി.കെ.എ.) രൂപീകരിച്ചിട്ടുണ്ടോ ? | ഇല്ല. |

ഉത്തരവിൻ പ്രകാരം,

K S

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 390 | 11.12.2008 -ൽ മറുപടിയ്ക്ക് |
|---|---|

**കൗമാര വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ പ്രവണത**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോസഫ് എം.പുതുശ്ശേരി**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.തോമസ് ചാഴികാടൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | കൗമാര വിദ്യാർത്ഥികൾക്കിടയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ച് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) | ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) സാമൂഹ്യക്ഷേമ വകുപ്പുവഴി പഠനം നടത്തിയിട്ടില്ല. |
| (സി) | ആത്മഹത്യാ പ്രവണത നിരുത്സാഹപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | സി) കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കു - വേണ്ടിയുള്ള ക്ലബുകൾ അംഗൻവാടി തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പെൺകുട്ടികൾ കൂടുതലായി പഠിക്കുന്ന 163 സ്കൂളുകളിൽ പ്രതിവർഷം 179 ലക്ഷം രൂപ ചെലവിൽ അഡോളസെന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടികൾ ആയി. ഈ ക്ലിനിക്കുകളിൽ ഒരു ഫുൾടൈം വനിതാ കൗൺസലർ ഉണ്ടായിരിക്കും. തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിലും കൊല്ലം അഞ്ചാലുംമൂട് ഗവൺമെന്റ് എച്ച്.എസ് സ്കൂളിലും ഇവ വിജയകരമായി തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സൈക്യാട്രി വിഭാഗത്തിൽ അത്മഹത്യാ പ്രവണതയുള്ളവർക്ക് ആഴ്ചയിൽ ഒരു ദിവസം ക്ലിനിക് നടത്തുന്നുണ്ട്. ആത്മഹത്യാ പ്രവണത നിരുത്സാഹപ്പെടുത്തുന്നത് ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ആവശ്യമായ ബോധവത്കരണം ഈ ക്ലബുകൾ വഴിയും ക്ലിനിക്കുകൾ വഴിയും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ